# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 5087 — 30.06.2014-ൽ മറുപടിയ്ക്ക്

## വിദേശ ജോലി വാഗ്ദാനം ചെയ്തുള്ള തട്ടിപ്പു കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വിദേശജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പുകേസുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇത്തരം കേസുകൾ അന്വേഷിയ്ക്കാൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ; | (സി) പ്രത്യേക സംവിധാനം നിലവിലില്ല.എന്നാൽ അന്താരാഷ്ട്ര/ അന്തർ സംസ്ഥാന ബന്ധങ്ങൾ ഉള്ള തട്ടിപ്പ് കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കേസുകൾ അന്വേഷിക്കുവാൻ ക്രൈംബ്രാഞ്ച് വിഭാഗത്തെ ചുമതലപ്പെടുത്താറുണ്ട്. കൂടാതെ വലിയ വ്യാപ്തിയിലുള്ള തട്ടിപ്പുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവ് നൽകാറുണ്ട്. |
| (ഡി) ഇത്തരം കേസുകൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ജനമൈത്രീ പോലീസ് പദ്ധതി, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖേനയും പത്രമാധ്യമങ്ങളിലൂടെയും ഇത്തരം തട്ടിപ്പുകൾക്ക് ഇരയാകരുത് എന്നും വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് സമീപിക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികളുടേയോ ആധികാരികത ഉറപ്പു വരുത്തണമെന്നും, ഇവർക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ അംഗീകാരം ഉണ്ടോ എന്നും പരിശോധിച്ച് സംശയം എന്തെങ്കിലും ഉണ്ടെങ്കിൽ പോലീസിനെ അറിയിക്കണമെന്നും ബോധവൽക്കരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ